# യേശുവിന് എന്തുകൊണ്ട് ക്രൂശിൽ മരിക്കേണ്ടി വന്നു?

യേശു മരിച്ചതിന്റെ ഉദ്ദേശം നാം ചുരുക്കമായി നമ്മുടെ പഠനത്തിൽ പറഞ്ഞിട്ടുണ്ട്. ഈ വിഷയം പൂർണ്ണമായി കൈകാര്യം ചെയ്യുവാൻ നൂറുകണക്കിന് വാല്യം മതിയാകയില്ല; ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുവാൻ ആയിരക്കണക്കിനു വാല്യവും തികയുകയില്ല. എങ്ങനെയായാലും ഏതാനും കുറിപ്പുകൾകൂടെ ചെർത്താൽ ഇപ്പോഴത്തെക്ക് മതിയാകും.[1]

“സകല മനുഷ്യരും പാപം ചെയ്തു” (റോമർ 3:23). “പാപത്തിന്റെ ശമ്പളം മരണമത്രേ” (റോമർ 6:23). പാപികൾ ആത്മിയമായി മരിക്കും-അതായത്-ഈ ജീവിതത്തിൽ, ദൈവത്തിൽനിന്നു വേർപെടും (എഫെസ്യർ 2:1, 12). കൂടാതെ, അവർക്ക്, വരുവാനുള്ള ലോകത്തിൽ, ദൈവത്തിൽനിന്നു നിത്യമായ വേർപാടായ “രണ്ടാം മരണവും” ഉണ്ടാകും (വെളിപ്പാട് 20:14; 21:8).

പരിശുദ്ധനായ ദൈവത്തിന് പാപം അവമാനമാണ് (റോമർ 3:23; യെശയ്യാവ് 5:16; എബ്രായർ 10:29). സൽപ്രവൃത്തികളാൽ മായ്ച്ചുകളയാവുന്ന ഒരൊറ്റ പാപം പോലുമില്ല; നമ്മുടെ പ്രവൃത്തികളാൽ നമുക്ക് രക്ഷിക്കപ്പെടുവാൻ സാധ്യമല്ല (എഫെസ്യർ 2:8, 9). നമ്മുടെ കഴിവിന്റെ പരമാവധി ചെയ്താലും പോരാ (യെശയ്യാവ് 64:6; റോമർ 3:12). ദൈവം നീതിമാനായതുകൊണ്ട് (യെശയ്യാവ് 30:18) പാപത്തെ ശിക്ഷിക്കാതെ വിടുകയില്ല (റോമർ 1:18). എല്ലാവരും പാപികൾ ആയിരുന്നു (ആണ്) എന്നതുകൊണ്ട് മനുഷ്യരുടെ അവസ്ഥ നിരുൽസാഹപരമാണ്.

നമ്മുടെ ദൈവം നീതിയുടെ മാത്രമല്ല, സ്നേഹത്തിന്റേയും ദൈവം ആകയാൽ നമുക്ക് സ്തോത്രം ചെയ്യാം (1 യോഹന്നാൻ 4:8)! ദൈവം സ്നേഹവാനായതുകൊണ്ട്, ആരും നഷ്ടപ്പെടുവാൻ അവൻ ആഗ്രഹിച്ചില്ല (ആഗ്രഹിക്കുന്നില്ല) (2 പത്രൊസ് 3:9). ദൈവത്തിന്റെ ആ രണ്ടു സ്വഭാവങ്ങളും ഒരു പ്രതിഭാസത്തെ അവതരിപ്പിക്കുന്നു. അവന് *നീതിമാനായി* എങ്ങനെ പാപത്തെ ശിക്ഷിക്കുവാൻ കഴിയും, അതേസമയത്ത് എങ്ങനെ പാപികളെ നീതീകരിക്കുന്നവൻ ആകും (റോമർ 3:26 നോക്കുക)? ആ പ്രതിഭാസത്തിന് ദൈവത്തിന്റെ മറുപടി “ഞാൻ എന്നെത്തന്നെ അതിനു വില കൊടുക്കും; മനുഷ്യരുടെ പാപങ്ങൾക്കുള്ള ശിക്ഷ ഏല്ക്കുവാനായി ഞാൻ എന്റെ പുത്രനെ അയക്കും” (യോഹന്നാൻ 3:16 നോക്കുക). നാം 1 യോഹന്നാൻ 4:10-ൽ വായിക്കുന്നു, “അവൻ നമ്മെ സ്നേഹിച്ച് തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുവാൻ അയച്ചു” “പ്രായശ്ചിത്തം” എന്ന വാക്കിനർത്ഥം “പിഴയാകുക,” തൃപ്തിപ്പെടുത്തുക അല്ലെങ്കിൽ ദൈവനീതിയെ തൃപ്തിയാക്കുക എന്നാണ്.”

ആ പ്രായശ്ചിത്തത്തിനു ഏതു വിധത്തിലുള്ള കഷ്ടതയാണ് ഏല്ക്കേണ്ടിയിരുന്നത്? മുൻപ് ദൈവം മനുഷ്യരുമായി ഇടപെട്ടിരുന്നപ്പോൾ, യാഗ

ത്തിന്റെ തത്വം - ഒരു ജീവനു പകരമായി മറ്റൊന്ന് നല്കുക എന്നതായിരുന്നു - സ്ഥാപിച്ചിരുന്നത് (ഉല്പത്തി 4:4; 8:20; 31:54; 12:7). "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (എബ്രായർ 9:22). വർഷങ്ങളായി, നൂറുകണക്കിനും ആയിരക്കണക്കിനും മൃഗയാഗങ്ങൾ ദൈവനിർദ്ദേശപ്രകാരം നടത്തിയിട്ടുണ്ട്. "ആട്ടുകൊറ്റന്മാരുടേയും കാളക്കിടാങ്ങളുടേയും രക്തത്തിനു പാപങ്ങളെ മോചിക്കുവാൻ കഴിയുകയില്ല" എന്നതായിരുന്നു പ്രശ്നം (എബ്രായർ 10:4). പൂർണ്ണതയുള്ള ദൈവപുത്രന്റെ ഒരേ ഒരു യാഗം മതിയായിരുന്നു (1 പത്രൊസ് 1:18, 19). "ദൈവകോപത്തിൽനിന്നു" നമ്മെ രക്ഷിക്കുവാൻ അവന്റെ രക്തത്തിനുമാത്രമേ കഴിയു (റോമർ 5:9) "പാപങ്ങളുടെ മോചനം" സാധ്യമാക്കേണ്ടതിന് ക്രിസ്തുവിന്റെ വിലയേറിയ "രക്തം ഒഴുക്കേണ്ടിവന്നു" (മത്തായി 26:28).

യേശുവിന്റെ രക്തം-ചിന്തൽ ഏതു വിധത്തിലുള്ള യാഗമായിരുന്നു? വ്യക്തമായും, ദൈവത്തിന്റെ നിത്യമായ പദ്ധതിയിൽ (എഫെസ്യർ 3:11) ക്രൂശിലുള്ള മരണം ദൈവത്തിന്റെ മുൻ നിശ്ചയമായിരുന്നു. കഷ്ടതയേൽക്കുന്ന ദാസന്റെ കൈകളും കാലുകളും "തുളെക്കപ്പെടും" എന്ന് സങ്കീർത്തനക്കാരൻ മുന്നറിയിച്ചിരുന്നു (സങ്കീർത്തനങ്ങൾ 22:16). താൻ ക്രൂശിക്കപ്പെടുമെന്ന് ക്രിസ്തു തന്നെ മുന്നറിയിച്ചിരുന്നു (മത്തായി 20:17-19; ലൂക്കൊസ് 24:6-8) - അതിൽ അവന്റെ കൈകളും കാലുകളും തുളെക്കുന്നതും ഉൾപ്പെടുന്നു.[2] യേശു റോമൻ കുരിശിൽ മരിച്ചപ്പോൾ, അവന്റെ കൈകളിൽനിന്നും, കാലുകളിൽനിന്നും, നെറ്റിയിൽനിന്നും രക്തം വാർന്നൊഴുകി. അവൻ മരിച്ചശേഷം, അവന്റെ വിലാപുറത്തുനിന്നും രക്തം ഒഴുകി (യോഹന്നാൻ 19:34). ബൈബിൾ അനുസരിച്ച്, ആ രക്തത്താലാണ് നാം ദൈവത്താൽ നീതീകരിക്കപ്പെടുന്നതും നിരപ്പ് പ്രാപിക്കുന്നതും ദൈവകോപത്തിൽനിന്ന് രക്ഷിക്കപ്പെടുന്നതും (റോമർ 5:9, 10).

യേശുവിന്റെ മരണം ശരിക്കും നമുക്ക് രക്ഷ സാധ്യമാക്കിയത് എങ്ങനെ എന്ന് നമുക്ക് മനസിലാക്കുവാൻ സാധിക്കുമോ? ഇല്ല - എന്നാൽ നമുക്ക് ഇതു മനസിലാക്കുവാൻ കഴിയും: അവന്റെ മരണത്തിന് ദൈവനീതിയെ തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞു (റോമർ 3:25; എബ്രായർ 2:17; 1 യോഹന്നാൻ 2:2). അതുകൊണ്ട്, ആരെങ്കിലും അവന്റെ സ്നേഹത്തോട് പ്രതികരിച്ച് (യോഹന്നാൻ 14:15; 1 യോഹന്നാൻ 4:19), അവന്റെ രക്ഷാ നിബന്ധനകൾ അംഗീകരിച്ചാൽ (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:37, 38) രക്ഷിക്കപ്പെടുവാൻ കഴിയും! ദൈവം ചെയ്തതു പൂർണ്ണമായും നമുക്ക് മനസിലാക്കുവാൻ സാധ്യമല്ലെങ്കിലും, നാം അതിന് നന്ദിയുള്ളവരാണ്. "ദൈവമേ നിന്റെ അപ്രമേയമായ ദാനത്തിന് സ്തോത്രം!" (2 കൊരിന്ത്യർ 9:15).

---

കുറിപ്പുകൾ

[1]കൂടുതൽ ചർച്ചക്ക് നോക്കുക, "ദ സെന്റർ ഫോർ ഗോഡ്സ് ലവ്" ഇൻ ഡേവിഡ് റോപ്പർ, *ജീസസ് ക്രൈസ്റ്റ് ആന്റ് ഹിം ക്രൂസിഫൈഡ്* (അർവഡാ, കൊലൊ.: ക്രിസ്റ്റ്യൻ കമ്മൂണിക്കേഷൻസ്, 1976). [2]മശിഹയെ വ്യത്യസ്തമായി തുളെക്കുന്നതിനെ കുറിച്ച് സെഖര്യാവ് 12:10-ൽ മുന്നറിയിച്ചിട്ടുണ്ട് (യോഹന്നാൻ 19:34, 37).